രജിസ്റ്റേർഡ് പോസ്റ്റ് വിത്ത് എ.ഡി.

## ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടറുടെ നടപടി ഉത്തരവ്

## തിരുവനന്തപുരം – 14

വിഷയം:- ഐ.എം.എസ്. വകുപ്പ് – സ്ഥാപനകാര്യം – പാർട്ട് ടൈം സ്വീപ്പർ - തിരുവനന്തപുരം ജില്ല – നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. 07.11.16-ലെ തിരുവനന്തപുരം ജില്ല എംപ്ലോയ്മെന്റ് ഓഫീസറുടെ CI/PT.84/16 നമ്പർ ഉത്തരവ്
2. ജി.ഒ.(പി)നം.501/2005/ഫിൻ തീയതി: 25.11.2005
3. ജി.ഒ.(പി)നം.7/2016/ഫിൻ തീയതി: 20.02.2016

### ഉത്തരവ് നമ്പർ. ഇ$_5$-20749/2016/ഡി.ഐ.എം.എസ്. തീയതി: 03.03.2017

തിരുവനന്തപുരം ജില്ല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് മേൽപ്പരാമർശം (1)പ്രകാരം അയച്ചുതന്ന പട്ടികയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ചുവടെ പേരു പറയുന്ന ഉദ്യോഗാർത്ഥിയെ പേരിന് നേരെ കാണിച്ചിരിക്കുന്ന സ്ഥാപനത്തിൽ പാർട്ട് ടൈം സ്വീപ്പറായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | പേരും മേൽവിലാസവും | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | നിയമിച്ചിരിക്കുന്ന സ്ഥാപനം | ജാതിയും സംവരണ വിഭാഗവും |
|---|---|---|---|---|---|
| 1 | ലതാകുമാരി എം.<br>പുളിമൂട് പുത്തൻ വീട്<br>ഇടയ്ക്കോട്, നേമം പി.ഒ.<br>നെയ്യാറ്റിൻകര<br>തിരുവനന്തപുരം | 30.05.1966 | SSLC Failed | ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടറുടെ കാര്യാലയം, തൈക്കാട്, തിരുവനന്തപുരം | ഹിന്ദു<br>വിളക്കിത്തല<br>നായർ |

ഈ നിയമനം കേരള പാർട്ട് ടൈം കണ്ടിജന്റ് സർവീസ് റൂൾസിലെ നിയമന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായിരിക്കും. ടി ഉദ്യോഗാർത്ഥി ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം നിയമനം ലഭിച്ചിരിക്കുന്ന സ്ഥാപനത്തിൽ ജോലിക്ക് ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം നിയമനം മറ്റൊരറിയിപ്പ് കൂടാതെ റദ്ദാക്കുന്നതായിരിക്കും. ജോലിക്കായി ഹാജരാകുമ്പോൾ വയസ്സ്, വിദ്യാഭ്യാസയോഗ്യത, ജാതി, നോൺക്രീമിലെയർ മുതലായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥി തെറ്റായ വിവരങ്ങൾ നൽകിയതായോ, ഉദ്യോഗാർത്ഥിയെ ജോലിക്ക് തെറ്റായി നാമനിർദ്ദേശം ചെയ്തതായോ തെളിയുന്നപക്ഷം ബന്ധപ്പെട്ട വ്യക്തിക്ക് വിശദീകരണം നൽകാൻ ന്യായമായ ഒരവസരം നൽകിയതിനുശേഷം അപ്രകാരം നിയമനം നേടിയ ഉദ്യോഗാർത്ഥിയെ ഉടൻതന്നെ പിരിച്ചുവിടുന്നതായിരിക്കും. ഈ വിവരങ്ങൾ കാണിച്ചുകൊണ്ടുള്ള ഒരു ഡിക്ലറേഷൻ, ജോലിയിൽ പ്രവേശിക്കുന്നതിനുമുമ്പ് ഉദ്യോഗാർത്ഥി സമർപ്പിക്കേണ്ടതാണ്.

(മറുപുറം)

പരാമർശം (2), (3) പ്രകാരം സ്വീപ്പിംഗ് ഏരിയയുടെ വിസ്തൃതിയനുസരിച്ച് ജീവനക്കാർക്ക് അനുവദനീയമായ ശമ്പളസ്കെയിലിൽ ശമ്പളം അനുവദിക്കുന്നതാണ്.

ഒപ്പ്
ഡോ. അജിത നായർ ആർ.
ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗാർത്ഥി

പകർപ്പ്:-
1. ബി സെക്ഷൻ സൂപ്രണ്ട്
2. സ്റ്റോർ സൂപ്രണ്ട്, സെൻട്രൽ മെഡിക്കൽ സ്റ്റോർ, തിരുവനന്തപുരം
3. ബി3 സീറ്റ്
4. ഇ-ഗവേണൻസ് സെക്ഷൻ
5. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്